ഫിഷിംഗ് ഹാർബറുകൾ

* 38. [97] ശ്രീ. എൻ. കെ. ശേഷൻ: താഴെ കാണുന്ന പോദ്യങ്ങൾക്കു് പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഫിഷിംഗ് ഹാർബറുകളെ സംബന്ധിച്ച ഇൻഡോ പോം കമ്പനിയുടെ റിപ്പോർട്ട് കിട്ടിയോ;

(ബി) എങ്കിൽ അതിലെ ശുപാർശകൾ എന്തൊക്കെയാണു്;

(സി) അവ എപ്പോൾ നടപ്പിലാക്കും;

(ഡി) പ്രസ്തുത റിപ്പോർട്ടിനു് ആകെ എന്തു ചെലവായി;

(ഇ) റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്കു് വിപരീതമായി ചില ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കാൻ പരിപാടിയുള്ളതായി കേൾക്കുന്നതു ശരിയാണോ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി):

(എ) കിട്ടിയിട്ടുണ്ടു്.

(ബി) അതിലെ ശുപാർശകൾ കേരളത്തിലെ ആറു സ്ഥലങ്ങൾ ഫിഷിംഗ് ഹാർബറുകളായി വികസിപ്പിക്കുകയെന്നുള്ളതാണു്. അതായതു് നീണ്ടകര, അഴീക്കോടു്, ബേയ്പ്പൂർ, അഴീക്കൽ, തലായി, പൊന്നാനി എന്നീ സ്ഥലങ്ങൾ. ഇതിൽ അഴീക്കോടും തലായിയും ഫിഷിംഗ് ഹാർബറുകൾ മാത്രമായും മറ്റുള്ളവ കാർഗോ-കം-ഫിഷിംഗ് ഹാർബറുകളുമായി വികസിപ്പിക്കുന്നതിനാണു് ശുപാർശ ചെയ്തിട്ടുള്ളതു്.

(സി) അവ 1984-നോടുകൂടി പൂർത്തിയാക്കുന്നതിനാണു് ഇൻഡോ-പോളിന്റെ ശുപാർശയനുസരിച്ചു് നിർദ്ദേശിച്ചിട്ടുള്ളതു്.

(ഡി) 4,14,750 രൂപ ചെലവായി.

(ഇ) ശരിയല്ല. പക്ഷേ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന ആറു ഫിഷിംഗ് ഹാർബറുകൾക്കുപുറമേ വേറെ ചില അനുയോജ്യമായ സ്ഥലങ്ങളിൽകൂടി ഹാർബറുകൾ നിർമ്മിക്കാനുള്ള സാദ്ധ്യതയെപ്പറ്റി പ്രാഥമിക ഗവേഷണങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. എൻ. കെ. ശേഷൻ: ഈ റിപ്പോർട്ടിൽ പരാമർശിക്കാനുള്ള കാര്യങ്ങളെ സംബന്ധിച്ചു് നിവേദനം കിട്ടിയതുകൊണ്ടു് വീണ്ടും ആലോചിച്ചിട്ടുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈ റിപ്പോർട്ടിൽത്തന്നെ അതിനെപ്പറ്റി പരാമർശം ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്നു പറയാമോ; എന്തുകൊണ്ടു് ഈ റിപ്പോർട്ടിൽ അതു് ഉൾപ്പെടുത്തിയില്ല എന്നു പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഈ റിപ്പോർട്ടിനു് ഏർപ്പാടുചെയ്ത കാലത്തു് ഇതിനെസംബന്ധിച്ചു് നിവേദനം ഒന്നും ലഭിച്ചിരുന്നില്ല. റിപ്പോർട്ട് വന്നതിനുശേഷം മറ്റു ചില സ്ഥലങ്ങളും അനുയോജ്യമാണെന്നു പറഞ്ഞു് നിവേദനം കിട്ടിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണു് ഇങ്ങനെ തീരുമാനമെടുത്തതു്.

ശ്രീ. ഇ. അഹമ്മദു്: കേരളത്തിലെ ഒരു ഫിഷിംഗ് ഹാർബറായ മാപ്പുബേ ഒരു ഫിഷിംഗ്-കം-കാർഗോ ഹാർബർ ആക്കാനുള്ള സൗകര്യമുണ്ടായിട്ടും അതിനെപ്പറ്റി പരിശോധിക്കാതിരിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ; ഫിഷിംഗ്-കം-കാർഗോ ഹാർബറാക്കാൻ ഗവണ്മെന്റിനു് ഉദ്ദേശമുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഇപ്പോൾ നിർദ്ദേശമൊന്നുമില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ഇൻഡോ-പോം കമ്പനി പരിശോധിച്ചിട്ടുള്ള അഴീക്കോടു് ഫിഷിംഗ് ഹാർബറിൽ വേനൽക്കാലത്തുപോലും മണ്ണടിഞ്ഞു് കിടക്കുന്നതുകൊണ്ടു് അടിയന്തിരമായും dredge ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ചേറുവായിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനെസംബന്ധിച്ച് വല്ല നിർദ്ദേശവുമുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പിന്നീടുള്ള നിർദ്ദേശങ്ങളിൽ ചേറുവായും ഉൾപ്പെടുന്നുണ്ട്.

ശ്രീ. ടി എ. മജീദ്: നാലു ലക്ഷത്തിൽ പരിപാടി രൂപ മുടക്കി തയ്യാറാക്കിയ ഈ റിപ്പോർട്ട് ഉണ്ടാക്കുന്നതിനുമുമ്പായി ഇൻഡോ--പോരം കമ്പനിയും കേരള ഗവണ്മെൻറുമായി എന്തെങ്കിലും എഗ്രിമെൻറ് ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: റിപ്പോർട്ടിനെസംബന്ധിച്ച് കേരള ഗവണ്മെൻറ് അധികൃതർ തീരുമാനിച്ചശേഷമാണ് ഈ റിപ്പോർട്ട് ഉണ്ടാക്കിയിട്ടുള്ളത്.

ശ്രീ. ടി. എ. മജീദ്: ഇത്രയും ഭീമമായ തുക പൊലവാക്കേണ്ടിവരുന്ന ഒരു സ്കീം തയ്യാറാക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട കമ്പനിയും കേരള ഗവണ്മെൻറുമായി ഒരു എഗ്രിമെൻറ് ഉണ്ടാക്കേണ്ടതല്ലേ. അങ്ങനെ എഗ്രിമെൻറ് ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും റിപ്പോർട്ട ഉണ്ടാക്കുന്നതിനും പ്രത്യേകമായ എഗ്രിമെൻറ് ആവശ്യമില്ല.

ശ്രീ. ടി. എ മജീദ്: ഈ നാലു ലക്ഷം രൂപ കൊടുക്കുന്നതിനു് ഫൈനാൻസ് ഡിപ്പാർട്ടുമെൻറിന്റെ അംഗീകാരമുണ്ടായിരുന്നോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഉണ്ടായിരുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കായംകുളം ഫിഷിംഗ് ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ ഏതു ഘട്ടത്തിലാണു?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അതു് അവസാനിച്ചിട്ടില്ല.

ശ്രീ. എ. എസ്. പുരുഷോത്തമൻ: കൊച്ചിൻ പോർട്ടിനു് വടക്കോഗത്തു് വൈപ്പിൻ ഏരിയായിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കണമെന്നു് നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹഹാജി: മട്ടാഞ്ചേരിക്കടുത്തു് വൈപ്പിൻ ഏരിയായിൽ ഒരു ഫിഷിംഗ് ഹാർബർ തുടങ്ങാൻ ഇൻഡ്യാഗവണ്മെൻറിന്റെ ടെക്നിക്കൽ ആയ ആനുകൂല്യം ലഭിക്കാൻ സാദ്ധ്യതയുണ്ടു്. അതുകൊണ്ടു് അവിടെ ഒരു ഫിഷിംഗ് ഹാർബർ വേണമെന്നു തീരുമാനിച്ചിരിക്കുകയാണു്.

ശ്രീ എ. എസ്. പുരുഷോത്തമൻ: മത്സ്യവ്യവസായവികസനത്തിനു് ആവശ്യമായ സഹായം ലഭിക്കുന്നതിനുവേണ്ടി ഈ ഗവണ്മെൻറിൽനിന്നും ഏതെങ്കിലും ഉദ്യോഗസ്ഥനെ റിഗേഴ്സ്രാജ്യങ്ങളിലേക്കു് അയച്ചിട്ടുണ്ടോ?

ശ്രീ കെ. അവുക്കാദർകുട്ടിനഹഹാജി: ഇതിനെസംബന്ധിച്ചു് വേറെ ചോദ്യം പ്രത്യേകം ചേരുന്നുണ്ടു്.

ശ്രീ. വി. വി. കുഞ്ഞമ്പു: ഹോസ്ദുർഗ്ഗ് താലൂക്കിലെ ഒരിയര ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനു് അടുത്തകാലത്തു് അന്വേഷണം നടത്തുകയുണ്ടായോ; അതിനെസംബന്ധിച്ചു് വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ റിപ്പോർട്ട പ്രതികൂലമായതാണോ അനുകൂലമായതാണോ എന്നുപറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ, അവുക്കാദർകുട്ടിനഹഹാജി: ഇതിനെസംബന്ധിച്ചു് നോട്ടീസു് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ഫിഷിംഗ് ഹാർബർ നിർമ്മാണത്തെസംബന്ധിച്ച് ഇൻഡോ-പോം കമ്പനിയുമായി എന്തെങ്കിലും കരാർ ഉണ്ടായിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഉള്ളതാണോ നാലുലക്ഷംരൂപ.

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി: റിപ്പോർട്ട് ഉണ്ടാക്കാൻ മാത്രമേ അവരോട് ആവശ്യപ്പെട്ടിട്ടുള്ളൂ. അവർ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു റിപ്പോർട്ട് സമർപ്പിച്ചു. ഇതിനുള്ള ചെലവാണ്.

ശ്രീ. കെ. കരുണാകരൻ: കൊളാബറേഷന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കമ്പനികളാണെങ്കിൽ റിപ്പോർട്ട് തരുന്നതിനു ചെലവു് ഈടാക്കാറില്ല. അതു കൊണ്ടാണു ചോദിച്ചതു്.

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി: കൊളാബറേഷന്റെ അടിസ്ഥാനത്തിലല്ല.

ശ്രീ. കെ. എം. ജോർജ്ജ്: ഇൻഡോ-പോം കമ്പനിയെ ഗവണ്മെന്റു് ഏർപ്പാടു ചെയ്തതു് ഏതാനും ഹാർബറുകളെ സംബന്ധിച്ചു് റിപ്പോർട്ട് നൽകാനാണോ അതോ നമ്മുടെ പടിഞ്ഞാറൻ തീരത്തുള്ള മുഴുവൻ സാദ്ധ്യതകളെയുംകുറിച്ചു് സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനാണോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി: സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനാണു്.

ശ്രീ. കെ. എം. ജോർജ്ജ്: അങ്ങനെയാണെങ്കിൽ ഇത്ര സമഗ്രമായ ഒരു റിപ്പോർട്ട് കിട്ടിയതിനുശേഷവും നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ പിന്നെയും പരിഗണിക്കാൻ തീരുമാനിച്ചിരിക്കുന്നതു് എന്തിനാണു്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി: പിന്നീടുള്ളതിനെ സംബന്ധിച്ചു വിദഗ്ധമായ റിപ്പോർട്ടു് ലഭിച്ചതിനു ശേഷമേ നടപടിയെടുക്കുകയുള്ളൂ.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഇൻഡോ-പോം കമ്പനിയുടെ റിപ്പോർട്ടിൽ പൊന്നാനിയ്ക്കും ബേപ്പൂരിനും ഇടയിൽ ഏതെങ്കിലും സ്ഥലം ഹാർബറിനു് പറ്റിയതാണെന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണു് ലിസ്റ്റിൽ ഉൾപ്പെടുത്താതെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി: റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. എന്നാൽ അതിനിടയിൽ ചില സ്ഥലങ്ങളിൽ ഹാർബർ വേണമെന്നു നിവേദനം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ അതിനെക്കുറിച്ചു് ഇൻവെസ്റ്റിഗേഷൻ നടത്താൻ തീരുമാനമായിട്ടുണ്ടു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഈ നാലുലക്ഷത്തിൽചിലവാനം രൂപ ചെലവാക്കിയതു് ഫിഷറീസ് ഡിപ്പാർട്ടുമെന്റാണോ അതോ മറ്റേതെങ്കിലും ഡിപ്പാർട്ടുമെന്റാണോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി: ഇപ്പോൾ വിവരമില്ല.

ശ്രീ. കെ. സി. വാമദേവൻ: പണി ആരംഭിച്ചുകഴിഞ്ഞതും പത്തുപതിനൊന്നു മാസമായി മുടങ്ങിക്കിടക്കുന്നതുമായ വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പണി പുനരാരംഭിക്കുവാൻ എന്താണു് വൈഷമ്യം; എപ്പോൾ പുനരാരംഭിക്കുവാൻ സാധിക്കുമെന്നു പറയാൻ കഴിയുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി: സെപ്റ്റംബർ മാസത്തിൽ ടെൻഡർ വിളിച്ചിട്ടുണ്ടു്. പെട്ടെന്നുതന്നെ പണി ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ആകെ എത്ര ഫിഷിംഗ് ഹാർബറുകളാണ് സംസ്ഥാനത്തുള്ളത്; ഇതിൽ ശരിയായ വികസനം പ്രാപിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എത്രയെണ്ണമുണ്ട്, അല്പാത്തത് എത്രയെണ്ണമുണ്ട്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹഹാജി: ഒന്നും പരിപൂർണ്ണമായി വികസിച്ചിട്ടില്ല. പലതിന്റെയും പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ആകെ എത്രയെണ്ണം ഉണ്ടെന്നു പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹഹാജി: ആകെ 6.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഫിഷിംഗ് ഹാർബറുകളെ മൈനർ പോർട്ടുകളായി അംഗീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹഹാജി: ഇല്ല. എന്നാൽ ചില ഫിഷിംഗ് ഹാർബറുകളെ കാർഗോ ഹാർബറുകളാക്കണമെന്നു നിർദ്ദേശമുണ്ട്.

ശ്രീ. കെ. കരുണാകരൻ: അന്വേഷണത്തിനു 4 ലക്ഷം രൂപ ചെലവാണെന്നു പറയുകയുണ്ടായി. ഈ നാലുലക്ഷം രൂപയെന്നു പറയുന്നത് ആക്ച്വൽ എക്സ്പെൻസാണോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അവർക്കു ആകെ ചെലവായ തുകയാണു.

ശ്രീ. കെ. കരുണാകരൻ: ഇതിനേക്കാൾ കുറഞ്ഞ ചെലവിൽ ഇതേ ജോലി ചെയ്തീർക്കാൻ കഴിയുമോ എന്നുള്ളതിനെപ്പറ്റി അന്വേഷിച്ചതിനു ശേഷമാണോ ഇവരെ ഏല്പിച്ചത്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അന്വേഷിച്ചോ എന്നുള്ളതിനെപ്പറ്റി എനിക്കറിഞ്ഞുകൂടാ.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ 4 ലക്ഷം രൂപാ കമ്പനിയുടെ ചെലവാണെന്നു പറയുകയുണ്ടായി. ഈ തുക ഗവണ്മെന്റ് ഏതെങ്കിലും നിലയിൽ വഹിച്ചിട്ടുണ്ടോ, ഏതു ഹെഡ്ഡിൽ ഏതു ഡിപ്പാർട്ടുമെന്റിൽനിന്നാണെന്നു പറയാൻ തയാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: നോട്ടീസ് വേണം.

ശ്രീ. എം. കൃഷ്ണൻ: റിപ്പോർട്ടിൽ പറയാത്ത ചില സ്ഥലങ്ങളിൽ ഹാർബറുകൾ സ്ഥാപിക്കുന്നു പറ്റുമോ എന്നുള്ളതിനെപ്പറ്റികൂടി അന്വേഷിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നു പറയുകയുണ്ടായി, അങ്ങനെയാണെങ്കിൽ അതു് എവിടെയെല്ലാമാണെന്നു പറയാൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: കായംകുളം, ചേറുവാ കെട്ടിങ്ങൽ ഇങ്ങനെ ചില സ്ഥലങ്ങളാണു.

ശ്രീ. ടി. എ. മജീദ്: 4 ലക്ഷം രൂപ ചെലവാക്കിയെന്നു പറയുകയുണ്ടായി. ഇതു് ചെലവായ ആകെത്തുകയാണെന്നു പറയുകയുണ്ടായി. ആരാണു് തിട്ടപ്പെടുത്തിയതെന്നു പറയാമോ?

ശ്രീ. അവുക്കാദർകുട്ടിനഹ ഹാജി: അവർ കണക്കാക്കിയ റേറ്റാണു.

ശ്രീ. ടി. എ. മജീദ്: അവർ പറഞ്ഞ സംഖ്യ കൊടുത്തു എന്നാണോ മനസ്സിലാക്കേണ്ടതു്. ഈ സംഖ്യയെപ്പറ്റി നമ്മുടെ ഉദ്യോഗസ്ഥന്മാർ വല്ല പരിശോധനയും നടത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പരിശോധിച്ചു കാണും. അവർ പരിശോധിച്ചതു് ഈ ആറു സ്ഥലങ്ങളും മാത്രമല്ല. വളരെയധികം സ്ഥലങ്ങളും അവർ പരിശോധിച്ചിട്ടുണ്ടു്.

ശ്രീ. എ. വി. കുഞ്ഞമ്പു: മലബാറിൽനിന്നും ഇതുസംബന്ധിച്ചു് പല നിവേദനങ്ങളും ഗവണ്മെൻറിനു് സമർപ്പിച്ചിട്ടുണ്ടു്. അതിൽ ഏതെങ്കിലും ഗവണ്മെൻറു് പരിഗണനയിലെടുത്തിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പല നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്. അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഈ തുറമുഖങ്ങളുടെ കാര്യത്തിൽ നെഗോഷ്യേയേഷൻ നടത്തുകയും അതിൻറെ മറ്റു വിധത്തിലുള്ള പ്രവർത്തനങ്ങളും നടത്തുകയും ചെയ്യുന്നതാരാണു്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പോർട്ടു ഡിപ്പാർട്ടുമെൻറാണു്.

ശ്രീ. കെ. എം. ജോർജ്ജു്: ഈ ഡിപ്പാർട്ടുമെൻറുമായി കരാറിലെത്തിയതെന്നാണു്, റിപ്പോർട്ടു സമർപ്പിച്ചതെന്നാണു്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: 1967 ജൂലൈ മാസത്തെ തീരുമാനമനുസരിച്ചാണു് അവരുടെ ടീം ഇവിടെവന്നു് അന്വേഷണം നടത്തിയതു്. 1967-ൽ തന്നെ റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു.

ശ്രീ. എൻ. കെ. ശേഷൻ: 4 ലക്ഷം രൂപാ ചെലവാക്കി തയ്യാറാക്കിയിട്ടുള്ള ഈ റിപ്പോർട്ടു് വളരെ വലിപ്പമുള്ളതല്ലെങ്കിൽ ഈ സഭയിലെ അംഗങ്ങൾക്കു് വിതരണം ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഇപ്പോഴം പറയാൻ പറ്റുകയില്ല.

ശ്രീ. ബേബി ജോൺ: ഫിഷിംഗു് ഹാർബറുകളുടെ വികസനസാദ്ധ്യതയെ സംബന്ധിച്ചു മാത്രമാണോ ആകെ മൊത്തമുള്ള തുറമുഖങ്ങളുടെ വികസനസാദ്ധ്യതയെ സംബന്ധിച്ചാണോ അന്വേഷിച്ചതു്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഫിഷിംഗു് ഹാർബറുകളുടെ കാര്യം മാത്രമാണു് അന്വേഷിച്ചതു്. മറ്റു വല്ല കാര്യങ്ങളും ഏർപ്പെട്ടുത്തിയിരുന്നോ എന്നു് ഇപ്പോഴം എനിക്കറിഞ്ഞുകൂടാ.

ഭക്ഷ്യധാന്യ മൊത്തവ്യാപാരം

* 39. (98) ശ്രീ. പി. എൻ. ചന്ദ്രസേനൻ,
,, പി. എസ്സു്. ശ്രീനിവാസൻ,
,, മുസ്സഫാ കെമാൽ,
,, എം. കെ. ദിവാകരൻ,
,, പി. എസ്സു്. നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങളുടെ മൊത്തവ്യാപാരം ഇപ്പോഴം സ്വകാര്യമേഖലയിലാണോ നടക്കുന്നതു്;

(ബി) ഭക്ഷ്യധാന്യമൊത്തവ്യാപാരം ഫുഡ് കോർപ്പറേഷനെ ഏല്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly